June 2nd
To
June 7th

HMYS സ്കൂൾ പത്രം
DIGITAL NEWS PAPER

Vol
1




**കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂൾ പ്രവേശനോത്സവം കോട്ടപ്പുറം രൂപത മെത്രാൻ ഡോ അംബ്രോസ് പുത്തൻ വീട്ടിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.**

**കൊട്ടുവള്ളിക്കാട്:ഈ വർഷത്തെ സ്കൂൾ പ്രവേശനോത്സവം കോട്ടപ്പുറം രൂപത മെത്രാൻ ഡോ അംബ്രോസ് പുത്തൻ വീട്ടിൽ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡണ്ട് രാജീവ് വഞ്ചിപുരക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ചെട്ടിക്കാട് പള്ളി വികാരി റവ. ഫാദർ ബെന്നി വാഴക്കൂട്ടത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി. എച്ച് .എം. വൈ സഭ പ്രസിഡൻ്റ് കെ വി ജോഷി, സെക്രട്ടറി എം. എ ഹരീഷ് കുമാർ, സ്കൂൾ മാനേജർ എം കെ ദേവദാസൻ മാസ്റ്റർ, പ്രിൻസിപ്പാൾ കെ ആർ ശ്രീജ, ഇ എൻ ബിന്ദു, പി എസ് സന്ധ്യ, സിബി ജൂഡി, അമ്പിളി അരവിന്ദ് എന്നിവർ പ്രസംഗിച്ചു. ഈ വർഷത്തെ എസ് എസ് എൽ സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ വിദ്യാർത്ഥികളേയും, എസ്.പി.സി., യു.എസ്.എസ്., എൻ.എം.എം.എസ് സ്കോളർഷിപ്പ് കരസ്ഥമാക്കിയ വിദ്യാർത്ഥികളേയും ചടങ്ങിൽ അനുമോദിച്ചു.**



**ഈ വർഷത്തെ ഉച്ചഭക്ഷണ പദ്ധതി പറവൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ കെ എസ് സനീഷ് ഉദ്ഘാടനം ചെയ്തു.**




എസ് പി സി സംസ്ഥാന ക്യാമ്പിൽ നിന്നും ലഹരിക്കെതിരെ യൂണിസെഫിന്റെ അംബാസിഡറായി തെരഞ്ഞെടുക്കപ്പെട്ടമാസ്റ്റർ നെവിൽ ബിജുവിനെ പ്രത്യേകം അനുമോദിച്ചു.







എസ് എസ് എൽ സി ക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും, എൻ എം എം എസ്, യു എസ് എസ് സ്കോളർഷിപ്പ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും പ്രത്യേകം അനുമോദിക്കുന്നു.



## കൗതുകമുണർത്തി പേപ്പർ പേനകൾ

പ്രവേശനോത്സവത്തിന്റെ ഭാഗമായി സ്കൂളിൽ എത്തിച്ചേർന്ന മുഴുവൻ വിദ്യാർഥികൾക്കും നോട്ടുബുക്കിനോടൊപ്പം നൽകിയ പേപ്പർ പേനകൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരേപോലെ കൗതുകമുണർത്തി. സ്കൂളിലെ പ്രവർത്തിപരിചയ വിഭാഗം അധ്യാപിക എ ടി ലിസയുടെ നേതൃത്വത്തിലാണ് വിവിധ നിറങ്ങളിൽ
തൂവലിന്റെ ആകൃതിയിൽ ഉള്ള പേപ്പർ പേനകൾ നിർമ്മിച്ചത്.



പ്രവേശനോത്സവ ദിനത്തിൽ ഈ വർഷം എത്തിച്ചേർന്ന വിദ്യാർത്ഥികൾക്ക് നോട്ട്ബുക്ക് - പേന എന്നിവ നൽകി സ്വീകരിക്കുന്നു.



മണിച്ചെപ്പ് പദ്ധതി ഉദ്ഘാടനം ചെയ്തു.

വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുക സാമ്പത്തിക അച്ചടക്കം വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടുകൂടി നടത്തിവരുന്ന സമ്പാദ്യ പദ്ധതി - മണിച്ചെപ്പ് കൊട്ടുവള്ളിക്കാട് സ്കൂളിൽ ആരംഭിച്ചു.

വടക്കേക്കര ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ കെ ആർ ബിജു ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ശ്രീ എം കെ ദേവദാസൻ മാസ്റ്റർ, ഹെഡ്മിസ്ട്രസ് ശ്രീമതി ഇ എൻ ബിന്ദു ടീച്ചർ തുടങ്ങിയവർ പദ്ധതി വിശദീകരണം നടത്തി.




കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർ സെക്കൻ്ററി സ്കൂളിൽ പരിസ്ഥിതി ദിനാഘോഷം വടക്കേക്കര ഇൻസ്പെക്ടർ ഓഫ് പോലീസ് കെ.ആർ.ബിജു ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സ്കൂൾ മാനേജർ ദേവദാസൻ മാസ്റ്റർ, പ്രിൻസിപ്പൽ കെ ആർ ശ്രീജ, ഹെഡ്മിസ്ട്രസ് ഇ എൻ ബിന്ദു, കെ പി മനോജ്, അമ്പിളി അരവിന്ദ് തുടങ്ങിയവർ സംബന്ധിച്ചു.



**പരിസ്ഥിതി ദിനത്തിൽ എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ തെങ്ങിൻ തൈ നടന്നു.**







**സ്കൂളിൽ സംഘടിപ്പിച്ച പരിസ്ഥിതി ദിനാഘോഷ പരിപാടികളിൽ നിന്ന്**

## **അറിയിപ്പുകൾ :-**

SC/ST grant/സ്കോളർഷിപ്പിന് apply ചെയ്യുന്നതിന് പ്രസ്തുത വിഭാഗത്തിലെ എല്ലാ കുട്ടികളും caste സർട്ടിഫിക്കറ്റ്, income സർട്ടിഫിക്കറ്റ് എന്നിവ എത്രയും പെട്ടെന്ന് ക്ലാസ് ടീച്ചറെ ഏൽപ്പിക്കുക.

OEC ഗ്രാന്റിന് APPLY ചെയ്യുന്നതിന് ഈ വർഷം അഡ്മിഷൻ എടുത്ത കുട്ടികൾ CASTE തെളിയിക്കുന്നതിനായ് പിതാവിന്റെയോ മാതാവിന്റെയോ സ്കൂൾ സർട്ടിഫിക്കറ്റ് കോപ്പി അല്ലെങ്കിൽ ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, ബാങ്ക് അക്കൗണ്ട് കോപ്പി ഇവ അപേക്ഷയോടൊപ്പം തരണം. OEC ഗ്രാന്റിനുള്ള അപേക്ഷ ജൂൺ 12 ന് മുൻപായി ക്ലാസ് ടീച്ചറുടെ കൈവശം ഏൽപ്പിക്കേണ്ടതാണ് .

കെടാവിളക്ക് scholarship std 8 വരെയുള്ള OBC(ഹിന്ദു)(ഈഴവ, വിശ്വകർമ്മ etc.) കുട്ടികൾക്കാണ്.

കെടാവിളക്ക് സ്കോളർഷിപ്പ് 2025-26 അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ ബി സി വിഭാഗം വിദ്യാർഥികൾക്ക് പ്രതിവർഷം 1500 രൂപ വീതം സഹായം ലഭിക്കുന്ന കെടാവിളക്ക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു.

കഴിഞ്ഞ വാർഷിക പരീക്ഷയിൽ 90% ൽ കൂടുതൽ മാർക്ക് ലഭിച്ച കുട്ടികൾക്ക് മാത്രമേ അപേക്ഷിക്കാൻ കഴിയുകയുള്ളൂ.

കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കുറവ് ആയിരിക്കണം.

New admission കുട്ടികൾ വരുമാന സർട്ടിഫിക്കറ്റും ഹാജറാക്കണം.

എല്ലാവരും കഴിഞ്ഞവർഷത്തെ വാർഷിക പരീക്ഷയുടെ Mark list അപേക്ഷയോടൊപ്പം സമർപ്പിക്കണം.

കുട്ടികളുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി സീഡ് ചെയ്തിരിക്കണം. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ ആധാർ സീഡ് ചെയ്തിട്ടുണ്ടോ എന്ന് ബാങ്കിൽ പോയി പരിശോധിക്കണം. ആധാർ സീഡ് ചെയ്തിട്ടില്ലെങ്കിൽ സ്കോളർഷിപ്പ് ലഭിക്കുകയില്ല.

കൂടുതൽ മാർക്കും കുറഞ്ഞ വരുമാനവും ഉള്ളവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക.

അപേക്ഷ ഓഫീസിൽ ജൂൺ 30 ന് ഉള്ളിൽ സമർപ്പിക്കുക

സ്കൂളിൽ പ്രവർത്തിക്കുന്ന അബാക്കസ് പരിശീലനത്തിന് താല്പര്യമുള്ളവർ ക്ലാസ് ടീച്ചറുടെ കൈവശം പേരുകൾ നൽകേണ്ടതാണ്.

കരാട്ടെ പരിശീലനം വ്യാഴാഴ്ച മുതൽ ആരംഭിക്കുന്നതാണ് താല്പര്യം ഉള്ളവർ ക്ലാസ് ടീച്ചറുടെ കൈവശം പേരുകൾ നൽകേണ്ടതാണ്

സ്കൂളിലെ വിവിധ ഗെയിമുകളുടെ (വോളിബോൾ, ബോൾ ബാഡ്മിന്റൺ, ഫുട്ബോൾ) പരിശീലനം ആരംഭിച്ചിരിക്കുന്നു.താല്പര്യമുള്ളവർ എത്രയും പെട്ടെന്ന് കായിക അധ്യാപകന്റെ കൈവശം പേരുകൾ നൽകുകയും അതാത് ഗെയിമുകളിൽ പരിശീലനത്തിനായി എത്തിച്ചേരേണ്ടതുമാണ്.

എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി - സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകളായ NCC, SPC, ലിറ്റിൽ കൈറ്റ്സ് എന്നിവയിൽ ചേരുവാൻ ആഗ്രഹമുള്ള കുട്ടികൾ എത്രയും വേഗം ക്ലാസ് ടീച്ചറുടെ കൈവശമോ ബന്ധപ്പെട്ട അധ്യാപകരുടെ കൈവശമോ അപേക്ഷകൾ ഏൽപ്പിക്കേണ്ടതാണ്

**NCC** - ജോബി സർ

**SPC** - മനോജ് സർ

**ലിറ്റിൽ കൈറ്റ്സ്** - ശ്രീലേഖ ടീച്ചർ, അഞ്ജലി ടീച്ചർ